**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1393** **14-03-2022 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നഷ്ടപ്പെട്ടവർക്ക് പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ മേഖലകളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; | (എ) | എ) തൊഴിൽ വകുപ്പിന് കീഴിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE) മുഖേന Impact of Covid -19 Pandemic on Workers in the Unorganised- Traditional Sectors of Kerala എന്ന വിഷയത്തിൽ ഒരു ഗവേഷണ പഠനം നടത്തി വരുന്നു. |
| (ബി) | സൺറൈസ് ഇൻഡസ്ട്രീസ് അടക്കമുള്ള തൊഴിൽ സാദ്ധ്യതകൾ കേരളത്തിലെ യുവാക്കൾക്ക് പ്രാപ്യമാക്കാൻ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ബി) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ,കരിയർ ഡവലപ്മെന്റ് സെന്റർ , എന്നീ പദ്ധതികളിലൂടെ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്, എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു |

| | | | |
|---|---|---|---|
| | | | പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗ നിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ മത്സരപരീക്ഷ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. |
| (സി) | കോവിഡിന്റെയടക്കം പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | സി)കോവിഡിന്റെയടക്കം പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ യുവാക്കൾക്ക് കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കാൻ തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാടിസ്ഥാനത്തിൽ നിയുക്തി ജോബ് ഫെയറുകൾ സംഘടിപ്പിച്ചു വരുന്നു. വ്യവസായിക പരിശീലന വകുപ്പ് ഐ.ടി.ഐ പാസായ കുട്ടികൾക്ക് വേണ്ടി എല്ലാ ജില്ലയിലും സർക്കാർ ചെലവിൽ, ഇന്ത്യക്കകത്തും പുറത്തും ഉള്ള കമ്പനികളെ ഉൾക്കൊള്ളിച്ച് ജോബ് ഫെയർ സംഘടിപ്പിക്കുന്നുണ്ട്. അപ്രന്റിസ് പരിശീലനത്തിലൂടെ കുട്ടികൾക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും അത് വഴി മെച്ചമായ ജോലി ഉറപ്പാക്കുന്നതിനും സാധിക്കുന്നു. |
| (ഡി) | കോവിഡ് പ്രതിസന്ധി മൂലം തൊഴിൽ നഷ്ടപ്പെട്ട് വിദേശ രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയവർക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഡി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടവും സാമ്പത്തിക മാന്ദ്യവും ഉടലെടുക്കുകയും നിരവധി പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്ത് തിരിച്ചെത്തുകയും ചെയ്ത പശ്ചാത്തലത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ പ്രവാസികൾക്കായി പ്രത്യേക വെർച്വൽ എംപ്ലോയ്മെന്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ